65 (65) വിദ്യാർത്ഥികൾ കൊല്ലപ്പെട്ട സംഭവങ്ങൾ

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾ കൊല്ലപ്പെട്ടിട്ടുണ്ട്;

(ബി) ഇവരിൽ ഓരോരുത്തരും ഏതെല്ലാം വിദ്യാർത്ഥി സംഘടനയിൽപ്പെട്ടവരാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ ഘാതകൻമാർ ഏതെങ്കിലും വിദ്യാർത്ഥി സംഘടനയിലോ രാഷ്ട്രീയ കക്ഷികളിലോ ഉൾപ്പെടുന്നവരാണോ എന്നറിവുണ്ടോ;

(ഡി) എങ്കിൽ ഇവർ ഏത് വിദ്യാർത്ഥി സംഘടനകളിലും രാഷ്ട്രീയ സംഘടനകളിലും പെട്ടവരാണ്;

(ഇ) ഈ കൊലക്കേസ്സുകളിലെ എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ)-(ഡി) എ.ബി.വി.പി.യിൽപ്പെട്ട 5 പേരും എസ്.എഫ്.ഐ.ൽപ്പെട്ട ഒരാളും കൊല്ലപ്പെട്ടു. വിദ്യാർത്ഥി സംഘടനങ്ങളുമായി ബന്ധപ്പെട്ടാണ് ഈ സംഭവങ്ങൾ നടന്നിട്ടുള്ളത്.

(ഇ) ഏഴു പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ട്.

66 (66) അടിയന്തിരാവസ്ഥകാലത്ത് നടന്ന കസ്റ്റഡി മരണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തിരാവസ്ഥകാലത്ത് കസ്റ്റഡിയിലെടുക്കുകയും പിന്നീട് കാണാതാവുകയും ചെയ്ത വർക്കല വിജയനെ കൊലപ്പെടുത്തുകയായിരുന്നുവെന്ന് അന്നത്തെ പോലീസ് ഡ്രൈവർ ഏറ്റുപറഞ്ഞത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേസ്സ് അന്വേഷിക്കണമെന്ന് ആരെങ്കിലും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അന്വേഷണം എവിടെവരെയായെന്നും പ്രസ്തുത കേസ്സ് സി.ബി.ഐ.യ്ക്ക് വിടുന്നതിനോട് സർക്കാരിന് യോജിപ്പുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പരാമർശകേസ്സിൽ പുനരന്വേഷണം നടത്തണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly